**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5507 24.05.2017-ൽ മറുപടിക്ക്**

## മതസംഘടനകളുടെ സാന്നിദ്ധ്യവും പ്രവർത്തനവും സംബന്ധിച്ച സുരക്ഷാ ഏജൻസികളുടെ നിർദ്ദേശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ശശി | | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മതസംഘടനകൾ, ഇസ്ലാമിക് സ്റ്റേറ്റ് തുടങ്ങിയ ഭീകര സംഘടനകൾ, മറ്റു നിരോധിത സംഘടനകൾ തുടങ്ങി ഏതെല്ലാം സംഘടനകൾക്കാണ് വിദേശ രാജ്യങ്ങളിൽ നിന്നും പണം ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ; | (എ) | വിവിധ മത സംഘടനകൾക്ക് വിദേശ രാജ്യങ്ങളിൽ നിന്നും പണം ലഭിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. കൂടാതെ ചില എൻ.ജി.ഒ സ്ഥാപനങ്ങൾക്കും വിദേശ സഹായം ലഭിക്കുന്നുണ്ട്. ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഭീകര സംഘടനയുടെ പ്രവർത്തനങ്ങൾക്കായി വിദേശ രാജ്യങ്ങളിൽ നിന്നും പണം ലഭിച്ചിട്ടുണ്ടോ എന്നുള്ള കാര്യം അന്വേഷിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സംഘടനകൾ വഴി വ്യാജ കറൻസികൾ, മയക്കുമരുന്ന്, ആയുധങ്ങൾ എന്നിവ എത്തുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇതുവരെയുള്ള അന്വേഷണത്തിൽ പ്രസ്തുത സംഘടനകൾ വഴി വ്യാജ കറൻസികൾ, മയക്കുമരുന്ന്, ആയുധങ്ങൾ എന്നിവ കേരളത്തിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട ഇത്തരം കേസുകൾ എത്ര; എത്ര കേസുകളിൽ പ്രതികളെ പിടികൂടി; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |

(ഡി) കഴിഞ്ഞ മൂന്ന വർഷമായി സംസ്ഥാന പോലീസ് കണ്ടെത്തി എൻ.ഐ.എ.യ്ക്ക് കൈമാറിയ കേസുകൾ എത്ര; വർഷം തിരിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇസ്ലാമിക്ക് സ്റ്റേറ്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷമായി എൻ.ഐ.എ യ്ക്ക് കൈമാറിയ യു.എ.പി.എ കേസുകൾ താഴെ വിവരിക്കും പ്രകാരമാണ്.

2014 - ഇല്ല.
2015 - ഇല്ല.
2016 - 3

(ഇ) ഇത്തരം സംഘടനകളുടെ സംസ്ഥാനത്തെ സാന്നിദ്ധ്യവും പ്രവർത്തനവും സംബന്ധിച്ച കേന്ദ്ര ആഭ്യന്തര വകുപ്പും മറ്റു സുരക്ഷാ ഏജൻസികളും കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പോ നിർദ്ദേശങ്ങളോ നൽകിയിരുന്നോ;

(എഫ്) എങ്കിൽ എന്തെല്ലാം; ഇതിന്മേൽ സംസ്ഥാന ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

(ഇ) യും (എഫ്) ഉം ഭീകര സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പും, മറ്റ് സുരക്ഷാ ഏജൻസികളും സംസ്ഥാന സർക്കാരിനു അറിയിപ്പുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് മേധാവികളെ അറിയിക്കുകയും വേണ്ട സുരക്ഷാ നടപടികൾ യഥാസമയം സ്വീകരിച്ച്, ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**